പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5362

01.07.2014 ൽ
മറുപടിയ്ക്ക്.

## ഗ്രാമ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര- സംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡുകളുടെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം
ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഗ്രാമ വ്യവസായങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനു വേണ്ടി കേന്ദ്ര – സംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡുകൾ എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എ) ഗ്രാമ വ്യവസായങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനു വേണ്ടി കേന്ദ്ര – സംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡുകൾ വഴി 2 തരം തൊഴിൽ ദാന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)", സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവാ എന്റെ ഗ്രാമം പദ്ധതിയും.

കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പദ്ധതിയായപ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ പുരുഷൻമാർക്ക് പദ്ധതി ചെലവിന്റെ 25% സബ്സിഡി അനുവദിയ്ക്കും പട്ടിക വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ,മതന്യൂനപക്ഷ വിഭാഗങ്ങൾ,വികലാംഗർ, മിലിട്ടറി സേവനത്തിൽ നിന്ന് പിരിഞ്ഞവർ, സ്ത്രീകൾ, തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% വരെ മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടിയനുസരിച്ച് ജനറൽ വിഭാഗത്തിൽ പ്പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് 40% വരെയും മാർജിൻമണി ഗ്രാന്റായി നൽകുന്നു.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് 2011-12 വർഷം ഖാദി

ബോർഡ് വഴി 393 യൂണിറ്റുകൾക്ക് 905.31 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 2884 പേർക്ക് തൊഴിൽ നൽകി. 2012-13 വർഷം 374 യൂണിറ്റുകൾക്ക് 824.76 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 2421 പേർക്ക് തൊഴിൽ നൽകി. 2013-14 വർഷം 399 യൂണിറ്റുകൾക്ക് 820.13 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 3907 പേർക്ക് തൊഴിൽ നൽകി. 2014-15 വർഷത്തേക്ക് 813.06 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി ഖാദി ബോർഡിന് ടാർജറ്റായി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽ ദാന പരിപാടി അനുസരിച്ച് 2011-12 വർഷം 506 യൂണിറ്റുകൾക്ക് 110 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 1012 പേർക്ക് തൊഴിൽ നൽകി. 2012-13 വർഷം 182 യൂണിറ്റുകൾക്ക് 200 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 506 പേർക്ക് തൊഴിൽ നൽകി. 2013-14 വർഷം 296 യൂണിറ്റുകൾക്ക് 250 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 725 പേർക്ക് തൊഴിൽ നൽകി. 2014-15 വർഷം ഈയിനത്തിൽ ബഡ്ജറ്റിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് ഇത്തരം വ്യവസായങ്ങൾക്ക് സബ്സിഡി ഇനത്തിലും മറ്റുമായി എത്ര കോടി രൂപ ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ?

(ബി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)" അനുസരിച്ചും "സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി "(SEGP) അനുസരിച്ചും താഴെപ്പറയുന്ന തുക സബ്സിഡിയായി ചെലവഴിച്ചിട്ടുണ്ട്.

( തുക ലക്ഷത്തിൽ)

| പദ്ധതിയുടെ പേര് | 2012-13 ചെലവഴിച്ച സബ്സിഡി തുക | 2013-14 ചെലവഴിച്ച സബ്സിഡി തുക |
|---|---|---|
| PMEGP | 824.76 | 820.13 |
| SEGP | 200.00 | 250.00 |

സെക്ഷൻ ഓഫീസർ